LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എൻഡോസൾഫാന്റെ ഏരിയൽ സ്പ്രേയിംഗ് ഗവൺമെന്റ് തടഞ്ഞിട്ടുണ്ട്. ഹൈക്കോടതിയിൽ ഒരു കേസ് വന്നതിനുശേഷം എൻഡോസൾഫാൻ തളിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഓരോരുത്തർ തളിക്കേണ്ട ഏരിയ പറഞ്ഞ് ഹൈക്കോടതിയിൽപ്പോയി അതിനു അനുവാദം വാങ്ങണമെന്നാണ്. അനുവാദം വാങ്ങിയേ തളിക്കാൻ പറ്റുകയുള്ളൂ. എൻഡോസൾഫാൻ തളിക്കുന്നത് അനുവാദമില്ലാതെയാണെങ്കിൽ കേസ് എടുപ്പിക്കാം എന്നുള്ളതാണ് ഹൈക്കോടതിയുടെ നിലപാട്. ആ കേസിന്റെ സ്ഥിതിയും അതാണ്. ഏരിയൽ സ്പ്രേ ഗവൺമെന്റിന് ശാശ്വതമായി നിരോധിക്കാൻ പറ്റുകയില്ല. അതിന്റെ പുറത്തുള്ള ലേബൽ കണ്ടുകൊണ്ടാണ് വാങ്ങിയിരിക്കുന്നത്. നെൽക്കൃഷി മുഴുവൻ ഈ നാട്ടിൽനിന്ന് ഇല്ലാതെയാക്കിയിട്ട് മാവ് വയ്ക്കാമോ? അത് ഒരു ശരിയായ നടപടിയല്ല. എത്രയൊക്കെ നഷ്ടം വന്നുവെന്നു പറഞ്ഞാലും നെൽക്കൃഷി കംപ്ലീറ്റായി ഇല്ലാതെയാക്കുന്നത് ശരിയല്ല എന്നാണ് ഞാൻ പറയുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, കർഷക ആത്മഹത്യ കേരളത്തിൽ വർദ്ധിച്ച് വന്നപ്പോഴാണ് കേന്ദ്ര സർക്കാർ കുറച്ച് ഫണ്ട് കേരളത്തിന് നല്കിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുമ്പ് മറുപടി പറഞ്ഞപ്പോൾ വെള്ളിയാഴ്ച ഇതുസംബന്ധിച്ചുള്ള പാക്കേജ് പ്രഖ്യാപിക്കുമെന്നാണ് പറഞ്ഞത്, എന്നുപറഞ്ഞാൽ ഫണ്ട് കിട്ടി ഒരു വർഷമായിട്ടും ഈ പണം ചെലവഴിച്ചിട്ടില്ല. വകമാറ്റി ചെലവഴിച്ചിരിക്കുന്നു. അപ്പോൾ എത്ര പണം കിട്ടി? എന്താണ് ചെലവഴിച്ചത്? എന്നൊക്കെയുള്ള വിശദാംശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വിശദമാക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, എനിക്ക് ചോദ്യം മനസ്സിലായില്ല. ഏത് ഫണ്ടെന്ന് പറയാതെ എങ്ങനെ മറുപടി പറയും? ഇപ്പോൾ മരിച്ച 234 പേർക്ക് കൊടുക്കാനുള്ളത് കൊടുത്തു. കൊടുക്കാതിരിക്കുന്നില്ല.....(ബഹളം).....

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പഞ്ചായത്തുകളെ കമ്പ്യൂട്ടർശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് നടപടി

3 (*22) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്താനുള്ള പദ്ധതി എന്നാണ് ആരംഭിച്ചത്; പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഇതിനകം എന്തു തുക ചെലവഴിച്ചു ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; ഇതിനകം എന്തു തുക ഇതിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് ;

(ഇ) കേന്ദ്രം നൽകിയ തുക യഥാസമയം ചെലവഴിക്കാത്തതിന്റെ ഭാഗമായി പദ്ധതി ഇനത്തിൽ എന്തു തുക ഇതിനകം കേന്ദ്രത്തിനു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) 1999 ആഗസ്റ്റ് 12. ഈ പദ്ധതി ഇപ്പോൾ നിർവ്വഹണ ഘട്ടത്തിലാണ്. രണ്ടു ഗ്രാമപഞ്ചായത്തുകൾ പൈലറ്റടിസ്ഥാനത്തിൽ സമ്പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ കമ്പ്യൂട്ടർ ലഭ്യമാക്കിയ 200 ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി. ഇതിനുപുറമെ 5 മുനിസിപ്പൽ കോർപ്പറേഷനുകൾ ഉൾപ്പെടെ 58 നഗരസഭകളിലും കമ്പ്യൂട്ടർവൽക്കരണ പരിപാടി ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്.

(ബി) 31-3-2007-ൽ പൂർത്തീകരിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(സി) 31-12-2005 വരെ 24.38 കോടി രൂപ.

(ഡി) ഉണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ത്രിതല പഞ്ചായത്ത് കമ്പ്യൂട്ടർവൽക്കരണത്തിനായി അഡീഷണൽ സെൻട്രൽ അസിസ്റ്റന്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച തുക ചുവടെ ചേർക്കുന്നു:

1997-98	-	11 കോടി
1998-99	-	10 കോടി
1999-2000	-	12 കോടി
ആകെ		33 കോടി

ഈ തുകയിൽ 23.16 കോടി രൂപ ഐ.കെ.എം.-ന് നൽകി. ഇതിൽ നിന്നും 20.30 കോടി രൂപ 31-12-2005 വരെ ചെലഴവിച്ചിട്ടുണ്ട്.

(ഇ) പദ്ധതി ഇനത്തിൽ തുക ഒന്നും നൽകിയിട്ടില്ല. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് കേന്ദ്ര സർക്കാർ 70% ലോണും 30% ഗ്രാന്റുമായാണ് നൽകുന്നത്. 9% ആണ് വാർഷിക പദ്ധതി ഇനത്തിൽ നൽകേണ്ടത്. ലോൺ 5 വർഷത്തിനുശേഷം 20 വർഷത്തിനുള്ളിൽ അടച്ചു തീർക്കേണ്ടതാണ്. എന്നാൽ പദ്ധതി ആദ്യവർഷം മുതൽ തന്നെ കണക്കാക്കും. ഈ തുക സംസ്ഥാന സർക്കാർ തിരിച്ചടയ്ക്കാറില്ല. തുടർന്ന് ലഭിക്കുന്ന കേന്ദ്ര സഹായത്തിൽ അഡ്ജസ്റ്റ് ചെയ്യുകയാണ്.

ഒരു ലക്ഷം യുവാക്കൾക്കുള്ള തൊഴിൽദാന പദ്ധതിയും കർഷക പെൻഷൻ പദ്ധതിയും

4 (*23) ശ്രീ. മത്തായി ചാക്കോ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-ൽ യുഡിഎഫ് സർക്കാർ പ്രഖ്യാപിച്ച ഒരു ലക്ഷം യുവാക്കൾക്കുള്ള തൊഴിൽദാന പദ്ധതിയും കർഷക പെൻഷൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly